(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്ഥലങ്ങളിൽ കിടങ്ങുകൾ, വൈദ്യുതി കമ്പിവേലി, സംരക്ഷണഭിത്തികൾ തീർക്കൽ എന്നിവ കർഷകരുടെ ആവശ്യാനുസരണം ചെയ്യാവുന്നതാണ്.

(ഡി) നിലവിലുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉദ്ദേശം 50 കിലോ മീറ്റർ കിടങ്ങുകൾ നിർമ്മിക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അതിനുള്ള നടപടി സ്വീകരിക്കും.

(ഇ) തോൽപ്പെട്ടി റെയിഞ്ചിൽ തിരുർക്കുന്ന്, കൈമരം, കാടിക്കുളം, ദാസൻ ഘട സെക്ഷനുകളിൽ വന്യമൃഗശല്യം അധികമായുള്ള പ്രദേശങ്ങളിലാണ് മേൽപ്പറഞ്ഞ 50 കിലോമീറ്റർ ട്രഞ്ച് നിർമ്മിക്കുവാനുദ്ദേശിക്കുന്നത്.

വനങ്ങളിലെ അനധികൃത കുടിയേറ്റക്കാർ

130 (1930) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ എവിടെയെല്ലാം അനധികൃത കുടിയേറ്റക്കാരുണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ ;

(ബി) എത്ര അനധികൃത കുടിയേറ്റങ്ങൾ സംസ്ഥാനത്തെ വനത്തിലുണ്ടെന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത കുടിയേറ്റക്കാരെ ഒഴിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്ന് പറയാമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. കൊല്ലം സർക്കിളിലെ തിരുവനന്തപുരം, തെൻമല, പുനലൂർ, റാന്നി, കോന്നി ഡിവിഷനുകളിലും തൃശ്ശൂർ സർക്കിളിലെ മലയാറ്റൂർ, തൃശ്ശൂർ, ചാലക്കുടി ഡിവിഷനുകളിലും ഒലവക്കോട് സർക്കിളിലെ പാലക്കാട്, നെന്മാറ, മണ്ണാർക്കാട്, നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് ഡിവിഷനുകളിലും കോട്ടയം സർക്കിളിലെ കോട്ടയം, കോതമംഗലം, മാങ്കുളം, മൂദാൽ ഡിവിഷനുകളിലും കോഴിക്കോട് സർക്കിളിലെ കണ്ണൂർ, കോഴിക്കോട്, വയനാട് സൗത്ത്, വയനാട് നോർത്ത്, ടിംബർ സെയിൽസ് ഡിവിഷൻ, കോഴിക്കോട് എന്നീ ഡിവിഷനുകളിലും വൈൽഡ് ലൈഫ് വിഭാഗത്തിൽ തേക്കടി, പെരിയാർ ടൈഗർ റിസർവ്, പീച്ചി, ആറളം, വയനാട്, വൈൽഡ് ലൈഫ് ഡിവിഷൻ എന്നീവിടങ്ങളിലും അനധികൃത കുടിയേറ്റക്കാരുണ്ട്.

(ബി) തിട്ടപ്പെടുത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംയുക്ത പരിശോധന നടത്തി 1-1-1977-ന് ശേഷമുള്ള എല്ലാ കുടിയേറ്റങ്ങളും ഒഴിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി

131 (1931) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡി. സുഗതൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. മുരളി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര ആദിവാസികളെ ഇതിനകം നിയമിച്ചിട്ടുണ്ട് ;

(സി) ഇവരുടെ സേവന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തത്തക്ക രീതിയിൽ വനസംരക്ഷണ സമിതികൾ രൂപീകരിച്ചു വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം പ്രത്യേക നിയമനങ്ങളോ അതിലേക്കായി സേവന വ്യവസ്ഥകളോ ഉദ്ദേശിക്കുന്നില്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ആദിവാസികൾക്ക് നൽകാനായി ലഭിച്ച വനഭൂമി

132 (1932) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് നൽകുന്നതിനു വേണ്ടി സംസ്ഥാനത്ത് എത്ര ഹെക്ടർ വനഭൂമി ലഭ്യമായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly